File No.LSGD-IA1/371/2020-LSGD

3600
8/8/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീയിൽ ഒരു ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(കൈ) നം.72/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 25.06.2020-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.11.2020-ലെ 11843/ഇ1/2020/കെ.എസ്.എച്ച്.എ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിലെ ദാരിദ്ര്യ ലഘൂകരണവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കൊണ്ട് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 1998 മുതൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. കേന്ദ്ര-സംസ്ഥാന പദ്ധതി വിഹിതമായി 3000 കോടിയിൽ പരം തുക ഓരോ വർഷവും കുടുംബശ്രീ മിഷൻ ക്രയവിക്രയം ചെയ്യപ്പെടുന്നുണ്ട്. ടി ക്രയവിക്രയങ്ങൾ പരിശോധിക്കുന്നതിനായി സെക്രട്ടേറിയറ്റിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥൻ മാത്രമാണ് നിലവിലുള്ളത്. കുടുംബശ്രീയിലെ അക്കൗണ്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പരാമർശം(1)-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനും പ്രസ്തുത തസ്തിക രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയിൽ ഒരു ചീഫ് ഫിനാസ് ഓഫീസർ( CFO) തസ്തിക സൃഷ്ടിച്ചു കൊണ്ടും അപ്രകാരം സൃഷ്ടിക്കുന്ന തസ്തികയിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ (CFO) ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള

**File No.LSGD-IA1/371/2020-LSGD**

തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.4825 തീയതി 24/02/2021)

ധനകാര്യ വകുപ്പ്(29.01.2021-ലെ ഡെവ.4/14/2021/ഫിൻ പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. തസ്വഭവ-371/ഐഎ1/2020-തസ്വഭവ. ഇനം നം: 4825

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീയിൽ ഒരു ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

**GOVERNMENT OF KERALA**
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | LSGD-371/IA1/2020-LSGD |
| 2 | Department | : | LOCAL SELF GOVERNMENT (IA) DEPARTMENT |
| 3 | Subject | : | LSGD – Kudumbashree - Creation of a post of Chief Finance Officer (CFO) and appointment of an officer not below the rank of Joint Secretary from Finance Department on deputation basis – reg. |
| 4 | Date of Chief Minister's order for placing before the Council | : | 21.02.2021 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | No |
| 7 | Name of Special Secretary who submitted the Draft Note | : | U.V. Jose |
| 8 | Name of the Additional Chief Secretary who approved the Draft Note | : | Sarada Muraleedharan |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 23.02.2021 |
| 10 | Name of Chief Secretary, who approved the Draft Note | : | Dr.Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 23.02.2021 |
| 12 | Name of Minister who approved the Draft Note | : | A.C. Moideen |
| 13 | Date of approval of the Draft Note for the Council by the Minister | : | 23.02.2021 |
| 14 | Date of submission of fair copies | : | 23.02.2021 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

4. When the file was circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

1) Whether a post of Chief Finance Officer(CFO) may be created in Kudumbashree.

2) Whether an officer not below the rank of Joint Secretary from Finance Department may be posted on deputation basis in the post thus created?

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ-371/ഐഎ 1/2020-തസ്വഭവ. |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | തസ്വഭവ-കുടുംബശ്രീയിൽ ഒരു ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.02.2021 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | യു.വി.ജോസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കുടുംബശ്രീയിൽ ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത് ബന്ധപ്പെട്ടാണ് ഈ കുറിപ്പിലെ വിഷയം.

കേരളത്തിലെ ദാരിദ്ര്യ ലഘൂകരണവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ടുകൊണ്ട് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 1998 മുതൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നതായും, കേന്ദ്ര സംസ്ഥാന പദ്ധതി വിഹിതമായി 3000 കോടിയിൽ പരം തുക ഓരോ വർഷവും ക്രയവിക്രയം ചെയ്യപ്പെടുന്നുണ്ട്. ആയത് പരിശോധിക്കുന്നതിന് സെക്രട്ടേറിയേറ്റിൽ നിന്നും അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥൻ മാത്രമാണ് നിലവിലുള്ളതെന്നും, 25/6/2020-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി ടി വിഷയം ചർച്ച ചെയ്തതായും കുടുംബശ്രീയിലെ അക്കൗണ്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്ന വിഷയം അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ സമർപ്പിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥനയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം അറിയിച്ചു.

"കുടുംബശ്രീയിൽ ചീഫ് ഫിനാൻസ് ഓഫീസർ (CFO) തസ്തിക സൃഷ്ടിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ (CFO) ആയി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കുന്നതിനും അനുമതി നൽകുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1) കുടുംബശ്രീയിൽ ഒരു ചീഫ് ഫിനാൻസ് ഓഫീസർ (CFO) തസ്തിക സൃഷ്ടിക്കാമോ?
2) അപ്രകാരം സൃഷ്ടിക്കുന്ന തസ്തികയിൽ ധനകാര്യവകുപ്പിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ (CFO) ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാമോ?